3015

"ഭരണഭാഷ - മാതൃഭാഷ"

ക്യു.ഐ.പി.(2)/251120/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 29.06.2021.
ഇ-മെയിൽ - supdtqip.dge@kerala.gov.in .

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ ഡിജിറ്റൽ വിദ്യാഭ്യാസം - പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സിന് ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി, കുട്ടികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :-

1. സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ ഡിജിറ്റൽ വിദ്യാഭ്യാസം ചർച്ച ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.06.2021 ന് രാവിലെ 11.30 ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്.

2. സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.06.2021 ന് വീഡിയോ കോൺഫ്രൻസിങ് വഴി നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.

A1

1/7/21

***.**********

കോവിഡ് പ്രതിസന്ധി തുടരുന്നതിനാൽ ഡിജിറ്റൽ വിദ്യാഭ്യാസവും തുടരേണ്ടതുണ്ട്. എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ പഠനവും ഓൺലൈൻ പഠനവും ഉറപ്പുവരുത്തുന്നതിനായി ആദിവാസിമേഖലയിലെ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് സർക്കാർ പ്രഥമ പരിഗണന നൽകുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഉൾപ്പെടെ 2021-22 അദ്ധ്യയന വർഷം സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ വിശദാംശങ്ങൾ 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലൂടെ പ്രത്യേകമായി ശേഖരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ആയതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(P.T.O)

1. നിലവിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ വിശദാംശങ്ങൾ 'സമ്പൂർണ്ണ'യിൽ അതത് സ്കൂളുകളുടെ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി കുട്ടികൾ സ്കൂളിൽ 2021-22 അധ്യയന വർഷത്തിൽ പ്രസ്തുത സ്കൂളിൽ പഠിക്കുന്നവരാണെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

2. സ്കൂളിലെ 2021-22 അധ്യയന വർഷത്തിലുള്ള കുട്ടികളിൽ എത്ര കുട്ടികൾക്ക് പഠനാവശ്യത്തിനായി സ്വന്തമായി ഉപയോഗിക്കുന്നതിന് കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ, ലാപ്ടോപ്പ്, ടാബ്ലറ്റ്, പി.സി, നെറ്റ്ബുക്ക് തുടങ്ങിയവയിൽ ഏതെങ്കിലും ഉപകരണങ്ങളുണ്ടെന്ന് കൃത്യമായി കണ്ടെത്തി ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടതാണ്.

3. സ്കൂളിലെ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ മറ്റേതെങ്കിലും സ്കീമുകളിലൂടെ ലഭിച്ചിട്ടുണ്ടെങ്കിലോ പെട്ടെന്ന് ലഭിക്കാൻ സാധ്യതയുണ്ടെങ്കിലോ അത് പരിശോധിച്ച് ഉറപ്പുവരുത്തി ഓൺലൈനിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

4. നിലവിൽ മറ്റു മാർഗ്ഗങ്ങളിലൂടെ ഉപകരണങ്ങൾ കണ്ടെത്താനാകാത്ത സാഹചര്യത്തിൽ സ്കൂളിലെ പ്രഥമാധ്യാപകർ, പി.റ്റി.എ, പട്ടികവർഗ്ഗ പ്രൊമോട്ടർമാരും ഫെസിലിറ്റേറ്റർമാരും പഞ്ചായത്ത് വിദ്യാഭ്യാസസമിതികളും സമഗ്രശിക്ഷാ കേരളാ വോളന്റിയർമാരുമായി ആലോചിച്ച് ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

5. മേൽ പ്രവർത്തനങ്ങളെല്ലാം 2021 ജൂലൈ 5 നകം പൂർത്തിയാക്കേണ്ടതും ഓരോ സ്കൂൾ പ്രഥമാധ്യാപകരും/പ്രിൻസിപ്പാൾമാരും അവരവരുടെ സ്കൂളിൽ പ്രസ്തുത പ്രവർത്തനം യഥാസമയം പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

6. എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ മേൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**സ്വീകർത്താവ് :**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർസെക്കണ്ടറി വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം)
എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും/ പ്രിൻസിപ്പാൾമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

**പകർപ്പ് :**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

(P.T.O)

ഉത്തരവ് നം. എ-3015/21 തീയതി 1/7/21 ഡി.ഇ.ഒ ഇടുക്കി

പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു.

ഡി.ഇ.ഒ
ഇടുക്കി.

1/7/21

പകർപ്പ്

എല്ലാ പ്രധാനാധ്യാപകർക്കും.